നാരായണൻ ഗുരുസ്വാമി അന്തരിച്ചു

കാഞ്ഞങ്ങാട്: കൊളവയൽ, മൊട്ടമ്മൽ അയ്യപ്പ മഠസ്ഥാപകൻ ബി കെ നാരായണൻ ഗുരുസ്വാമി (72) അന്തരിച്ചു. മുത്തപ്പൻ പൈങ്കുറ്റിയുടെ ആൾ മടയനും ഭാരത് ബീഡി കോൺട്രാക്ടറുമായിരുന്നു. രാഷ്ട്രീയ സ്വയം സേവക സംഘിന്റെ കൊളവയൽ ശാഖയുടെ ആദ്യ മുഖ്യ ശിക്ഷക് ആയിരുന്ന ഇദ്ദേഹം അടിയന്തിരാവസ്ഥകാലത്ത് ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്.

ഭാര്യ: നാരായണി. മക്കൾ: സതീശൻ (ഓട്ടോഡ്രൈവർ), സജീവൻ (ഭാരത് ബീഡി കോൺട്രാക്ടർ), സതി, സുനിത. മരുമക്കൾ: രാജേശ്വരി (കളനാട്), സീമ(കൊട്ടിലങ്ങാട്), രാമകൃഷ്ണൻ (ചെറുവത്തൂർ), രാമകൃഷ്ണൻ (കടിഞ്ഞിമൂല). സഹോദരങ്ങൾ: ഭാസ്ക്കരൻ, ചിരുതക്കുഞ്ഞി, കുമാരൻ (മൂവരും ഞാണിക്കടവ്), കാർത്യായനി (ചിത്താരി) നാരായണി (കിഴക്കുംകര).

സാവിത്രിഅമ്മ

സുള്ള്യ: മണ്ടെക്കോൽ മുറൂർ അനുഗ്രഹനിലയത്തിലെ സ്ഥിതി അമ്മ ഡി (81) അന്തരിച്ചു. കാസർകോട് കോളിയടുക്കം ജിയു പി സ്കൂൾ റിട്ട. ഹെഡ്മാസ്റ്ററായിരുന്ന പരേതനായ ഡി. ഈശ്വരഭട്ടിന്റെ ഭാര്യയാണ്. റിട്ട യേർഡ് ഡി ഡി ഇ മഹാലിംഗേശ്വർരാജ്. ഡി, റെയിൽവെ ഉദ്യോഗസ്ഥനായിരുന്ന പരേതനായ വിഷ്ണുഭട്ട്, മുറൂരിലെ കർഷകരായ നാരായണ പ്രകാശ, രാധാകൃഷ്ണ മക്കളാണ്. മരുമക്കൾ: ശശികല കെ(അധ്യാപിക എസ് ജി കെ എച്ച് എസ് കുഡ്ലു) വീണാ വി ഭട്ട്, വിദ്യ, ശങ്കരി.

ഹസൻകുട്ടി

ചെമനാട്: ചെമ്മനാട് മണലിൽ താമസിക്കുന്ന ഹസൻകുട്ടി തോട്ടത്തിൽ (79) അന്തരിച്ചു. മത-സാമൂഹ്യ രംഗത്ത് സജീവമായിരുന്നു. ഭാര്യ: ഖദീജ. മക്കൾ: അമീർ, മുംതാസ്, മുബീന, മുഹ്സിന. മരുമക്കൾ: മുഹമ്മദ്, ഹാരിസ് ആനബാഗിലു, നൗഷാദ് മച്ചിനടുക്കം, റസീഖ. സഹോദരങ്ങൾ: മുഹമ്മദലി, ആസിയ പരേതരായ അബ്ദുല്ല, അബ്ദുൽ ഖാദർ, അഹ്മദ്.

ഗൃഹനാഥൻ ഹൃദയാഘാതം മൂലം മരിച്ചു

കാഞ്ഞങ്ങാട്: ഉറങ്ങാൻ കിടന്ന ആൾ ഹൃദയാഘാതം മൂലം മരിച്ചു. കാലിച്ചാനടുക്കം, കായക്കുന്നിലെ പി ഭാസ്ക്കരൻ (55)ആണ് മരിച്ചത്. രാത്രി 12 മണിയോടെ നെഞ്ചുവേദന അനുഭവപ്പെട്ട ഇദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും രക്ഷിക്കാൻ കഴിഞ്ഞില്ല. ഭാര്യ:കാർത്യായനി. മക്കൾ: സുജിൽ (പെയിന്റർ), സൂരജ് (ഇൻസ്പെക്ടർ മെക്കാനിക്ക്). സഹോദരങ്ങൾ: ബാലാമണി, ജ്യോതി (കീഴ്മാല), പരേതനായ രാമകൃഷ്ണൻ.

ബൈക്കുകൾ കൂട്ടിയിടിച്ച് പരിക്ക്

സീതാംഗോളി: ബൈക്കുകൾ കൂട്ടിയിടിച്ചു മുണ്ട്യത്തടുക്കയിലെ റിയാസി(24)നു പരിക്കേറ്റു. കാസർകോട്ടു സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകിട്ട് സീതാംഗോളിയിലായിരുന്നു അപകടം.

കോവിഡ്: വാക്സിൻ നൽകാൻ ജില്ല ഒരുങ്ങി; 16ന് 9 കേന്ദ്രങ്ങളിൽ നൽകും

കാസർകോട്: ജില്ലയിൽ ജനുവരി 16ന് ആരോഗ്യ പ്രവർത്തകർക്ക് ഒമ്പത് കേന്ദ്രങ്ങളിൽ കോവിഡ് 19 വാക്സിൻ നൽകുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാംദാസ് എ.വി അറിയിച്ചു. കാസർകോട് ഗവൺമെന്റ് മെഡിക്കൽ കോളേജ്, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, കാസർകോട് ജനറൽ ആശുപത്രി, നീലേശ്വരം, പനത്തടി, മംഗൽപ്പാടി, ബേഡഡുക്ക താലൂക്ക് ആശുപത്രികൾ, പെരിയ സി എച്ച് സി, എണ്ണപ്പാറ കുടുംബാരോഗ്യ കേന്ദ്രം എന്നിവയാണ് ഒന്നാം ഘട്ടത്തിലെ കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങൾ. രണ്ടാം ഘട്ടത്തിൽ വാക്സിൻ നൽകുന്നതിനായി ഈ ഒമ്പത് കേന്ദ്രങ്ങൾ ഉൾപ്പെടെ ജില്ലയിൽ 58 വാക്സിൻ കേന്ദ്രങ്ങളും

മൂന്നാം ഘട്ടത്തിൽ പൊതുജനങ്ങൾക്ക് വാക്സിൻ നൽകുന്നതിനായി ജില്ലയിൽ 329 കേന്ദ്രങ്ങളും കണ്ടത്തിയിട്ടുണ്ട്. ജില്ലയിൽ ആദ്യ ഘട്ടത്തിൽ നൽകുന്നതിനുള്ള ഇന്ന് ലഭ്യമാകും. ഓരോ കേന്ദ്രങ്ങളിലും 4 വാക്സിനേഷൻ ഓഫീസർമാരും 3 വാക്സിനേറ്റർമാരും ഉണ്ടാകും. കൂടാതെ രണ്ട് ഷിഫ്റ്റുകളിലായി രണ്ട് ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് വാക്സിൻ നൽകുക.

കേരള മുസ്ലീം ജമാഅത്ത് മഞ്ചേശ്വരത്ത് നടത്തിയ ഔഫ് അനുസ്മരണ പ്രാർത്ഥന സംഗമത്തിന് കേരള മുസ്ലീം സംസ്ഥാന സെക്രട്ടറി പേരോട് അബ്ദുൾറഹ്മാൻ സഖാഫി നേതൃത്വം നൽകുന്നു

പൊലീസ് സ്റ്റേഷനു മുന്നിൽ മദ്യപിച്ചു ബഹളം: മധ്യവയസ്കൻ അറസ്റ്റിൽ

ബദിയഡുക്ക: പൊലീസ് സ്റ്റേഷനു മുന്നിൽ മധ്യവയസ്കൻ മദ്യപിച്ചു ബഹളം വച്ചതു നാട്ടുകാരിൽ കൗതുകം പകർന്നു.

ഇന്നലെ വൈകിട്ടാണ് മദ്യപിച്ചു നിയന്ത്രണം തെറ്റിയ യുവാവ് പൊലീസ് സ്റ്റേഷനു മുന്നിലെത്തി ബഹളം വച്ചതെന്നു പറയുന്നു. സംഭവത്തിൽ കുമ്പള കുണ്ടങ്കേരടുക്കയിലെ അർജ്ജുനനെ (45) പൊലീസ് അറസ്റ്റ് ചെയ്തു.

അപ്രതീക്ഷിത വേനൽമഴ: അടയ്ക്ക കർഷകർ ആശങ്കയിൽ

ബദിയഡുക്ക: അപ്രതീക്ഷിതമായുണ്ടായ വേനൽ മഴ അടക്ക കർഷകർക്ക് തിരിച്ചടിയായി. മഴ ഇനിയും തുടർന്നാൽ ഇക്കൊല്ലം മാത്രമല്ല അടുത്ത വർഷത്തെ വിളവിനെയും സാരമായി ബാധിക്കുമെന്ന് കർഷകർ ആശങ്കപ്പെടുന്നു.

അടക്ക തോട്ടങ്ങളിൽ ഇപ്പോൾ വിളവെടുപ്പു സമയമാണ്. പലയിടത്തും രണ്ടാം വിള ഇപ്പോഴാണ് എടുക്കുന്നത്. ചിലയിടത്ത് അടക്ക വിളവെടുപ്പു കഴിഞ്ഞു. മറ്റു പലയിടങ്ങളിലും അടക്ക പറിച്ചു കൊണ്ടിരിക്കുന്നു. വിളവെടുത്ത അടക്ക പലരും ഉണക്കാൻ ഇട്ടിട്ടുണ്ട്. പക്ഷെ മഴ കാരണം ഉണക്കാൻ പറ്റാത്ത അവസ്ഥയാണ്. നിശ്ചിത ദിവസത്തിനുള്ളിൽ ഇത് ഉണങ്ങിയില്ലെങ്കിൽ അടയ്ക്കയുടെ ഗുണനിലവാരത്തിനും കുറവുണ്ടാവുമെന്നു കർഷകർ പറയുന്നു. വിളവെടുപ്പിനു തയ്യാറായിട്ടുള്ള കവുങ്ങു കർഷകരെയും മഴ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മരത്തിൽ അടക്ക പഴുത്തിട്ടുണ്ടെങ്കിലും മഴ കാരണം കയറാൻ പറ്റാത്ത സ്ഥിതിയുണ്ടെന്നും പറയുന്നു.

വേനൽ മഴ തുടർന്നാൽ അടയ്ക്ക മരത്തിലെ പൂക്കുലയെയും പ്രതികൂലമായി ബാധിക്കുമെന്നു കർഷകർ പറയുന്നു. പൂക്കുലയുടെ അകത്ത് വെള്ളം കയറിയാൽ അത് നശിച്ച് പോകാൻ സാധ്യതയുണ്ട്. മാത്രമല്ല അടുത്ത വർഷത്തെ വിളവെടുപ്പിനെ അതു പ്രതികൂലമായി ബാധിക്കുമെന്നു കർഷകർ ആശങ്കപ്പെടുന്നു.

അടക്കക്ക് നല്ല മാർക്കറ്റ് വിലയാണ് ഇപ്പോഴുള്ളത്. എന്നാൽ മഴ തുടർന്നു കൊണ്ടിരുന്നാൽ കർഷകരുടെ പ്രതീക്ഷ തകിടം മറിയുമെന്ന ഭയവും കർഷകർ പ്രകടിപ്പിച്ചു.

സയ്യിദ് ത്വാഹിറുൽ അഹ്ദൽ തങ്ങൾ 15-ാമത് ഉറൂസ് മാർച്ച് 19 മുതൽ 23 വരെ

പുത്തിഗെ: മുഹിമ്മാത്ത് സ്ഥാപനങ്ങളുടെ ശിൽപിയും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറ അംഗവുമായിരുന്ന സയ്യിദ് ത്വാഹിറുൽ അഹ്ദൽ തങ്ങളുടെ 15ാമത് ഉറൂസ് മുബാറക് മാർച്ച് 19 മുതൽ 23 വരെ നടത്താൻ കാന്തപുരം എ പി അബൂബക്കർ മുസ്ലിയാരുടെ അധ്യക്ഷതയിൽ ചേർന്ന മുഹിമ്മാത്ത് എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.സയ്യിദ് ഹസനുൽ അഹ്ദൽ തങ്ങൾ, സയ്യിദ് ഇബ്രാഹിം ഹാദി തങ്ങൾ, സയ്യിദ് ഹബീബുൽ അഹ്ദൽ തങ്ങൾ, സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ, സയ്യിദ് ഹാമിദ് അൻവർ അഹ്ദൽ തങ്ങൾ, ബി എസ് അബ്ദുല്ലക്കുഞ്ഞി ഫൈസി, പള്ളങ്കോട് അബ്ദുൽ ഖാദിർ മദനി, ഹുസൈൻ സഅദി, ഹാജി അമീർ അലി, സി എൻ അബ്ദുൽ ഖാദിർ, അന്തുഞ്ഞി, സി എച്ച് മുഹമ്മദ് കുഞ്ഞി, സുലൈമാൻ, വൈ എം അബ്ദുൽ റഹ്മാൻ അഫ്സനി, അബ്ദുൽ ഖാദിർ സഖാഫി, മൂസ സഖാഫി, ഉമർ സഖാഫി, അബൂബക്കർ കാമിൽ സഖാഫി, ബഷീർ പുളിക്കൂർ, സി എം അബ്ദുൽറഹ്മാൻ മുസ്ലിയാർ സംബന്ധിച്ചു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4575
പവന്: 36600
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

അദ്ധ്യാപകരുടെ ഒഴിവുകൾ ഉടൻ നികത്തണം

കാസർകോട്: സ്കൂളുകൾ തുറന്നിട്ട് ദിവസങ്ങളായിട്ടും പത്താംക്ലാസിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താത്തതിൽ രക്ഷിതാക്കൾ പ്രതിഷേധിച്ചു. ജനുവരിയിൽ ക്ലാസുകൾ ആരംഭിക്കാനാകുമെന്ന് ഉത്തമബോധ്യമുണ്ടായിട്ടും ഒഴിവുകൾ നികത്താത്തത് സംസ്ഥാന സർക്കാരിന്റെയും വിദ്യാഭ്യാസവകുപ്പിന്റെയും വീഴ്ചയാണെന്നു പരാതിയിൽ പറഞ്ഞു.

കർഷക തൊഴിലാളി ക്ഷേമാനുകൂല്യങ്ങൾ പരിഷ്ക്കരിക്കുക, ആനുകൂല്യങ്ങൾ ഉടൻ വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ബി കെ എം യു നടത്തിയ കലക്ട്രേറ്റ് ധർണ്ണ സി പി ഐ ജില്ലാ സെക്രട്ടറി ഗോവിന്ദൻ പള്ളിക്കാപ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

മദ്യം പിടിച്ചു; കടത്തുകാരൻ രക്ഷപ്പെട്ടു

ബദിയഡുക്ക: ബൈക്കുകളിൽ കടത്തുകയായിരുന്ന 32 കുപ്പി ഗോവൻ മദ്യം എക്സൈസ് സംഘം പിടിച്ചു. ബൈക്കിലുണ്ടായിരുന്ന ശാന്തിപ്പള്ളയിലെ അനുഷത്ത് ഓടി രക്ഷപ്പെട്ടു. ഇന്നലെ വൈകിട്ട് ശാന്തിപ്പള്ളയിലാണ് സംഭവമെന്ന് എക്സൈസ് സംഘം പറഞ്ഞു.

വാട്ടർ അതോറിറ്റിയുടെ കുടിവെള്ളത്തിന് നിറവ്യത്യാസം

അണങ്കൂർ: ടിപ്പുനഗർ-താനിയത്ത് ഭാഗങ്ങളിൽ ഇന്നലെ വാട്ടർ അതോറിറ്റി വിതരണം ചെയ്ത കുടിവെള്ളത്തിന് നിറവ്യത്യാസം കാണപ്പെട്ടതായി ഉപഭോക്താക്കൾ അറിയിച്ചു. കലക്ക് വെള്ളമാണ് ഇവിടെ ഇടയ്ക്ക് ഇടയ്ക്ക് വിതരണം ചെയ്യുന്നതെന്നും ഇതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ കുടിവെള്ള പ്രതിസന്ധി നേരിടുന്നതെന്നും ഹസൈനാർ താന്നിയത്ത് പരാതിപ്പെട്ടു.

കോൺഗ്രസ് മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പൽ:ശ്രീകാന്ത്

പെർള: മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലാണു കോൺഗ്രസെന്നു ബി ജെ പി ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത് പറഞ്ഞു.

അഴിമതിയുടെ കാര്യത്തിൽ കേരളം കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത സംഭവങ്ങളാണ് സംസ്ഥാനത്തിപ്പോൾ അരങ്ങു കൊഴുപ്പിച്ചുകൊണ്ടിരിക്കുന്നതെന്നു പെർളയിൽ ബി ജെ പി പൊതുയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത്രയും ഭയാനകമായ അഴിമതി ഉണ്ടായിട്ടും അതിനെതിരെ പ്രതിപക്ഷം നാവടക്കിയിരിക്കുന്നു. അതേസമയം അധികാരത്തിൽ അള്ളിപ്പിടിക്കാൻ അവർ സൂത്രം മെനയുകയാണെന്നു ശ്രീകാന്ത് പരിഹസിച്ചു.ഉദയ ചെട്ടിയാർ ആധ്യക്ഷം വഹിച്ചു. യുവമോർച്ച ജില്ലാ പ്രസിഡന്റ് ധനഞ്ജയ, ബിജെ പി മണ്ഡലം പ്രസിഡന്റ് മണിക്കണ്ഠൈ, മുരളീധരയാദവ്, ജില്ലാ പഞ്ചായത്ത് അംഗം നാരായണ നായ്ക്ക്, ബ്ലോക്ക് മെമ്പർമാരായ ബട്ടുഷെട്ടി, അനിൽകുമാർ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പ്രസംഗിച്ചു. നേരത്തെ പ്രകടനവുമുണ്ടായിരുന്നു. ഉദയ, സതീഷ്, രൂപവാണി ഭട്ട്, അനിൽകുമാർ നേതൃത്വം നൽകി.

പെർളയിൽ നടന്ന ബി ജെ പി പൊതുയോഗം ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത് ഉദ്ഘാടനം ചെയ്യുന്നു.

അണങ്കൂർ-പെരുമ്പള റോഡ് തകർച്ച; നാട്ടുകാർ പ്രക്ഷോഭത്തിലേക്ക്

കാസർകോട്: തകർന്നു കിടക്കുന്ന അണങ്കൂർ-ടിപ്പുനഗർ -ബദിര -ചാല-പെരുമ്പളക്കടവ് റോഡ് ഗതാഗത യോഗ്യമാക്കാത്തതിൽ പ്രതിഷേധിച്ച് നാട്ടുകാർ പ്രക്ഷോഭത്തിനു ഒരുങ്ങുന്നു. പ്രക്ഷോഭ പരിപാടികളെ കുറിച്ച് ആലോചിക്കാനും ആക്ഷൻ കമ്മറ്റി രൂപീകരിക്കാനും നാളെ നാട്ടുകാർ അണങ്കൂരിൽ യോഗം ചേർന്ന് കർമ്മ സമിതി രൂപീകരിക്കും.

നൂറുകണക്കനു വാഹനങ്ങൾ കടന്നു പോകുന്ന റോഡാണിത്. മാസങ്ങളായി തകർന്നു കിടക്കുന്ന റോഡ് അറ്റക്കുറ്റപ്പണി നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും നടപടി ഉണ്ടായിട്ടില്ലെന്നു നാട്ടുകാർ പറഞ്ഞു. ഇപ്പോൾ റോഡിൽ കൂടി കാൽനടയാത്രപോലും ദുഷ്ക്കരമാണെന്നു കൂട്ടിച്ചേർത്തു.

തകർന്നു കിടക്കുന്ന അണങ്കൂർ-ചാല റോഡ്

ബസ് ഷെൽട്ടൽ പൊളിച്ചു മാറ്റണം:മുസ്ലീം ലീഗ്

കാസർകോട്:നാട്ടിൽ സമാധാന അന്തരീക്ഷം തകർക്കുന്ന രീതിയിൽ ഉദുമ എം.എൽ.എയുടെ നേതൃത്വത്തിൽ ചെമ്മനാട് പഞ്ചായത്തിലെ തായൽ കളനാടിൽ അനധികൃതമായി ബസ് ഷെൽട്ടർ നിർമ്മിച്ചത്.

പ്രസിഡണ്ട് ടി.ഇ.അബ്ദുല്ല ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി എ.അബ്ദുൾ റഹ്മാൻ സ്വാഗതം പറഞ്ഞു. സി.ടി.അഹമ്മദലി,കല്ലട്ര മാഹിൻ ഹാജി, എം.എസ്.മുഹമ്മദ് കുഞ്ഞി, വി.കെ.പി. ഹമീദലി, എം.ബി. യൂസഫ് ബന്തിയോട്,അസീസ് മരിക്കെ, കെ. മുഹമ്മദ് കുഞ്ഞി, വി.പി.അബ്ദുൽ ഖാദർ , പി.എം. മുനീർ ഹാജി, മൂസ.ബി.ചെർക്കള പ്രസംഗിച്ചു.

വെൽഫെയർ പാർട്ടി ജില്ലാ ഭാരവാഹികൾ

വെൽഫെയർ പാർട്ടി ജില്ലാ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട മുഹമ്മദ്, മജീദ് എന്നിവർ

കാസർകോട്: വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റായി മുഹമ്മദ് വടക്കേക്കരയെയും ജനറൽ സെക്രട്ടറിയായി മജീദ് നരിക്കോടനെയും തെരഞ്ഞെടുത്തു. സംസ്ഥാന സെക്രട്ടറിമാരായ പി.എ അബ്ദുൽ ഹക്കീം, സജീദ് ഖാലിദ് എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. സഫിയ സമീർ, സാഹിദ ഇല്യാസ്, വി. റൈഹാനത്ത്, ഫൗസിയ സിദ്ദീഖ്, അമ്പുഞ്ഞി തലക്ലായി, സി.എച്ച് മുത്തലിബ്, കെ രാമകൃഷ്ണൻ, ടി.കെ അഷ്റഫ്, അബ്ദുല്ലത്തീഫ് കുമ്പള, സി.എച്ച് ബാലകൃഷ്ണൻ, സിറാജുദ്ദീൻ മുജാഹിദ്, പി.കെ അബ്ദുല്ല, ഹമീദ്, മഹമൂദ്, ടി.മഹേഷ് എന്നിവരെ ജില്ലാ കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു.

നാട്ടുകാരെ ഭീതിയിലാക്കി കാട്ടുപോത്ത്; കാർഷിക വിളകളും നശിപ്പിച്ചു

ഉപ്പള: ജനവാസ കേന്ദ്രത്തിൽ കാട്ടുപോത്തിന്റെ സാന്നിധ്യം നാട്ടുകാരെ ഭീതിയിലാക്കി. കാർഷിക വിളകൾ നശിപ്പിക്കുന്നതും പതിവായി.

ബായാർ പൊസടിഗുംപെ, പഞ്ച, ആട്ടികുക്കെ എന്നീ പ്രദേശങ്ങളിലാണ് കാട്ടുപോത്തിന്റെ സാന്നിധ്യം നാട്ടുകാരെ പരിഭ്രാന്തരാക്കുന്നത്. കഴിഞ്ഞ ദിവസം സന്ധ്യയോടെ ഈ പ്രദേശത്ത് കാട്ടുപോത്തിനെ കണ്ടതായി നാട്ടുകാർ പറയുന്നു.

ഒരു കാട്ടുപോത്തിനെയും കിടാവിനെയും കണ്ടതായാണ് പറയുന്നത്. ഇതേതുടർന്ന് നാട്ടുകാർ നടത്തിയ തെരച്ചലിൽ കാട്ടുപോത്തിന്റെ സാന്നിധ്യം സ്ഥിരീകരിച്ചു. നാലു ദിവസം മുമ്പ് സുബ്രഹ്മണ്യ ആട്ടിക്കുക്കെയുടെ നെൽകൃഷിയെല്ലാം കാട്ടുപോത്ത് നശിപ്പിച്ചിരുന്നു. നാട്ടുകാരെ ഭീതിയിലാക്കിയുള്ള കാട്ടുപോത്തിന്റെ സാന്നിധ്യം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് അധികൃതരോട് ആവശ്യപ്പെടുന്നത്. കാട്ടുപോത്തിന്റെ സാന്നിധ്യം ഉടലെടുത്തോടെ പലരും വീടുകളിൽ നിന്നു പുറത്തിറങ്ങാൻ ഭയപ്പെടുകയാണ്.

ബായാർ പൊസടിഗുംപെയിൽ കാണപ്പെട്ട കാട്ടുപോത്ത്

എസ്.വൈ.എസ്. ജില്ലാ ശംസുൽ ഉലമ അനുസ്മരണം നാളെ

കാസർകോട്: എസ്.വൈ.എസ്. ജില്ലാ കമ്മിറ്റി കണ്ണിയത്ത് ഉസ്താദ്- ശംസുൽ ഉലമ,സൈനുൽ ഉലമ ചെറുശ്ശേരി ഉസ്താദ് അനുസ്മരണം നാളെ 3 മണിക്ക് ബദിയഡുക്ക കണ്ണിയത്ത് അക്കാദമിയിൽ നടക്കും. സമസ്ത ജനറൽ സെക്രട്ടറി പ്രൊഫ. കെ.ആലിക്കുട്ടി മുസ്ലിയാർ ഉൽഘാടനം ചെയ്യും. സമസ്ത ഉപാദ്ധ്യക്ഷൻ ശൈഖുന യു.എം. അബ്ദുറഹിമാൻ മൗലവി പ്രാർത്ഥനക്ക് നേതൃത്വം നൽകും. അബ്ദുസ്സലാം ദാരിമി മുഖ്യ പ്രഭാഷണം നടത്തും.സി.കെ.കെ.മാണിയൂർ ശംസുൽ ഉലമ അനുസ്മരണവും ഇ.പി. ഹംസത്തുസഅദി കണ്ണിയത്ത് ഉസ്താദ് അനുസ്മരണവും അസീസ് അശ്റഫി പണത്തൂർ ചെറുശ്ശേരി അനുസ്മരണവും നടത്തും. ജില്ലാ പ്രസിഡണ്ട് പി.എസ് ഇബ്രാഹിം ഫൈസി പള്ളങ്കോട് ആധ്യക്ഷം വഹിച്ചു. ഹംസ ഹാജി, മുബാറക് ഹസൈനാർ ഹാജി, സിദ്ധീഖ് അസ്ഹരി, റഷീദ്, അസീസ് അഷ്ഫി, റഫീഖ്, കെ. പി മൊയ്തീൻ കുഞ്ഞി മൗലവി, അബ്ദുൽ മജീദ് ദാരിമി, ഹാഷിം ദാരിമി, ലത്തീഫ് മൗലവി, ലത്തീഫ് മൗലവി, , കെ.എൻ.പി.അബ്ദുല്ല ഹാജി സംബന്ധിച്ചു.

കെ എം ബഷീർ മുസ്ലീംലീഗ് മുനിസിപ്പൽ ആക്ടിംഗ് പ്രസിഡന്റ്

കാസർകോട്: മുസ്ലീം ലീഗ്മുനിസിപ്പൽ പ്രസിഡണ്ടായ വി.എം. മുനീർ നഗരസഭാ ചെയർമാനായതിനെ തുടർന്ന് ആക്ടിംഗ് പ്രസിഡണ്ടായി കെ.എം.ബഷീറിനെയും മുസ്ലിം ലീഗ് ചെങ്കള പഞ്ചായത്ത് ജനറൽ സെക്രട്ടറിയായിരുന്ന പി.ഡി.എ റഹ്മാനെ പാർട്ടിയിൽ നിന്നും സ സ്പെന്റ് ചെയ്ത സാഹചര്യത്തിൽ ചെങ്കള പഞ്ചായത്ത് മുസ്ലിം ലീഗ് ആക്ടിംഗ് ജനറൽ സെക്രട്ടറിയായി ഒ.പി.എഹനീഫയേയും നിയമിച്ചതായി ലീഗ് ജില്ലാ ഓഫീസിൽ നിന്ന് അറിയിച്ചു.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ-പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

Universal Technologies
Happy New Year 2021
New Year Special Offer
1000VA + 150AH + TROLLEY
Rs.25000
Special Offer Price
Rs. 22000/-
Limited Offer Hurry Up!
FITTING & TRANSPORTING FREE*
KASARAGOD 9605940001 | UPPALA 9895401777 | KANHANGAD 9895405111 | NILESHWAR 9895401333
E-mail: universaltechnologies9@gmail.com

Vol -28, Issue No -9 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com